GHSS ERIMAYUR

അക്കാദമിക് മാസ്റ്റർപ്ലാൻ '25-'26

വിദ്യാലയ ചരിത്രം ഇങ്ങനെ ..

ചെറിവത്തൂര് വടക്കുംപുറം വീട്ടിൽ പരേതനായ ശ്രീ. ജ്ഞാനദേവൻ മക്കൾ ശ്രീ. വി.ജെ. മുന്നുകുമാർ, ശ്രീ. വി.ജെ. പ്രകാശൻ, ശ്രീ. വി. ജെ. സുവർണ്ണൻ എന്നിവരുടെ പൂർവ്വികൻ ശ്രീ. തിമ്മ ന്റെ മകൻ ശ്രീ. പക്കി (സീനിയർ) 150 വർഷങ്ങൾക്കുമുമ്പ് അന്നത്തെ നാട്ടു രാജ്യാധികാരിയുടെ നിർദ്ദേശ പ്രകാരം അവർണ്ണ സമുദായക്കാരുടെ ഉന്നമനത്തിനുവേണ്ടി ഗുരുകുല രീതിയിൽ ഏകാധ്യാപക വിദ്യാലയം ആരംഭിച്ചു. എഴുത്തു പള്ളിക്കൂടം എന്ന് അറിയപ്പെട്ടിരുന്ന പ്രസ്തുത വിദ്യാലയത്തിന് നേതൃത്വം നൽകിയത് നെടുങ്ങോട്ടിൽ ശ്രീ. കോരി എന്ന ഗുരുവാണ്.

കുറച്ചുവർഷങ്ങൾക്കു ശേഷം 1892-ൽ ശ്രീ തിമ്മോരൻ മകൻ ശ്രീ. പക്കി (ജൂനിയർ) അവരുടെ

എല്ലാ സ്ഥലങ്ങളും ബന്ധപ്പെട്ട അധി
കാരികളിൽ നിന്ന് പതിച്ച് ചാർത്തി
വാങ്ങിയപ്പോൾ വിദ്യാലയം നിന്ന സ്ഥലം
എഴുത്തുപള്ളിക്കൂടം പറമ്പ് എന്നാണ്
രേഖപ്പെടുത്തിയത്. പിന്നീട് ബ്രിട്ടീഷ്
സർക്കാർ 1896-ൽ ആദ്യത്തെ സർവ്വേ
സെറ്റിൽമെന്റ് രജിസ്റ്റർ ആരംഭി
ച്ചപ്പോൾ അതിലും ആ സ്ഥലത്തിന്
എഴുത്തുപള്ളിക്കൂടം പറമ്പ് എന്നും
ഗുരുവിന്റെ നാമം ഒടുങ്ങോട്ടിൽ
കോമി എന്നുമാണ് രേഖപ്പെടുത്തിയിരിക്കു
ന്നത്.

എന്നാൽ 1898-ൽ ബ്രിട്ടീഷ്
സർക്കാർ വിദ്യാലയത്തിന് അംഗീകാരം
നൽകിയപ്പോൾ ബന്ധപ്പെട്ട എല്ലാ
രേഖകളിലും ശ്രീ. കണ്ടുണ്ണി മാസ്റ്ററുടെ
നേതൃത്വത്തിലുള്ള എന്നാണ് രേഖ
പ്പെടുത്തിക്കാണുന്നത്. 'ടി' സ്ഥാപനം

സ്ഥിതി ചെയ്തിരുന്നത്, ഇപ്പോൾ വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് 100 മീറ്റർ പടിഞ്ഞാറു മാറി മുൻപ് സൂചിപ്പിച്ച നീലേരൻ മകൻ പള്ളിയുടെ മകൻ മുത്തുവിന്റെയും മുത്തുവിന്റെ മകൻ ജ്ഞാനദേവന്റെയും ഉടമസ്ഥതയിലുണ്ടായിരുന്ന പറമ്പുകളിലായിരുന്നു. പ്രസ്തുത രേഖകളെല്ലാം ശ്രീ. ജ്ഞാനദേവന്റെ മകൻ ശ്രീ. വി.ജ്ഞ പ്രകാശൻ സൂക്ഷിച്ചുവരുന്നു.

പിന്നീട് ഈ സ്ഥാപനം 1945 – 50 കാലഘട്ടത്തിൽ പരിമയൂർ വടക്കാംപുറം വീട്ടിൽ ശ്രീ. വി.ജി. സുകുമാരൻ (സീനിയർ), ആലത്തൂർ ആർ. കൃഷ്ണൻ എന്നിവർ ഡിസ്ട്രിക്റ്റ് ബോർഡ് മെമ്പർ ആയിരുന്നപ്പോൾ അന്നത്തെ ഭരണാധികാരികളിൽ സ്വാധീനം ചെലുത്തി എൽ.പി. സ്കൂളാക്കി മാറ്റി.

ചെറിവയ്യൂരിലെ ശ്രീ അപ്പു എന്ന ആ
ദന്ന് വടക്കേ പുരന്ന് എന്ന വ്യക്തിയുടെ
ഉടമസ്ഥതയിലുള്ള, ഇന്നത്തെ ദേശീയ
പാതയ്ക്കരികിലുള്ള സ്ഥലത്തേക്ക് മാറ്റി
സ്ഥാപിച്ചു. ബോർഡ് സ്കൂൾ എന്നറിയപ്പെട്ട
ഈ സ്ഥാപനം പിന്നീട് ഇന്ന് കാണുന്ന
സ്ഥലത്തേക്ക് മാറ്റുകയായിരുന്നു. ബോർഡ്
സ്കൂൾ കെട്ടിടം ശ്രീ. എം.എസ് കൃഷ്ണ
മൂർത്തിയുടെ മുത്തച്ഛൻ ശ്രീ. അപ്പു
പണി കഴിപ്പിച്ചതായിരുന്നു. [ഇപ്പോൾ
ആ കെട്ടിടം പരിപൂർണ്ണമായി പൊളി
ച്ചു നീക്കപ്പെട്ട സ്ഥിതിയിലാണ്]

ഇന്ന് കാണുന്ന വിദ്യാലയം
1923-ൽ പാലക്കാട് താലൂക്ക് ബോർഡ്
ഏറ്റെടുക്കുകയും പിന്നീട് അത് മലബാർ
ഡിസ്ട്രിക്റ്റ് ബോർഡിന്റെ നിയന്ത്ര
ണത്തിലാവുകയും ചെയ്തിരുന്നു.

1946-ൽ 8-10 ക്ലാസ് വരെയുള്ള
എലിമെന്ററി സ്കൂളായി മാറുകയും
1981-ൽ ഹൈസ്കൂളായി ഉയരുകയും
ചെയ്തു. 2006 ലാണ് വിദ്യാലയത്തിൽ
ഹയർ സെക്കണ്ടറി ക്ലാസ്സുകൾ ആരം
ഭിച്ചത്.

അങ്ങനെ 1898-99 വർഷ
ത്തിൽ കണ്ടുണ്ണി മാസ്റ്റർ എന്നറിയ
പ്പെടുന്ന മഹാമതിയുടെ നേതൃത്വത്തിൽ
'ഹരിശ്രീ' കുറിച്ച ഏകാധ്യാപക പാഠ
ശാല ഇന്നത്തെ എടയൂർ സർക്കാർ
വിദ്യാലയമായി ഒന്നേകാൽ നൂറ്റാണ്ടിന്റെ
പ്രവർത്തന മികവുമായി സുവർണ്ണ പ്രഭ
യിൽ ജ്വലിച്ച് ജൈത്രയാത്ര തുടരുന്നു.
— അനേകം പ്രതിബന്ധങ്ങളെയും
അതിജീവിച്ചുകൊണ്ട്.

ഈ വിദ്യാലയമുത്തശ്ശിക്ക്
മികവുകൾ ഏറെയാണ്. പ്രീ-പ്രൈമറി

മുതൽ ഹയർ സെക്കന്ററി വരെയുള്ള കാലത്തും ഉപജില്ലയിലെ ഏക സർക്കാർ വിദ്യാലയം, എസ്.എസ്.എൽ.സി. പരീക്ഷകളിലെ 100% തുടർവിജയം, എസ്.പി.സി, എൻ.സി.സി, ജെ.ആർ.സി, എൻ.എസ്.എസ് എന്നിവയുടെ മികച്ച യൂണിറ്റുകൾ, കുട്ടി ശാസ്ത്രജ്ഞരെ പരിപോഷിപ്പിക്കുന്നതിനായി ടിങ്കറിംഗ് ലാബ്, ശാസ്ത്രപോഷിണി ലാബുകൾ, മികച്ച ഗ്രന്ഥാലയം, ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം, സംസ്ഥാന ദേശീയതാരങ്ങളെ വാർത്തെടുക്കുന്ന കായിക പരിശീലനം എന്നിവയെല്ലാം ഈ അക്ഷരമുത്തശ്ശിക്ക് മിഴിവേകുന്നു. മെഡിക്കൽ, എഞ്ചിനീയറിംഗ്, ബാങ്കിങ്, പോലീസ്, ആർമി, നേവി, അധ്യാപനം

മറ്റ് സർക്കാർ, സ്വകാര്യ മേഖലകൾ മിന്നിടുന്ന ഔദ്യോഗികരംഗത്ത് പ്രകാശിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ ഈ സരസ്വതീക്ഷേത്രത്തെ നന്ദിയോടെ നെഞ്ചേറ്റുന്നു.

2025 — 26 അധ്യയനവർഷത്തെ ആകെ വിദ്യാർത്ഥികൾ

Boys : 482 , Girls : 445, Total : 927

| | Boys | Girls | Total |
|---|---|---|---|
| SC : | 141 | 123 | 264 |
| ST : | 1 | 1 | 2 |
| Muslim : | 151 | 171 | 322 |
| Other Minority : | 3 | 1 | 4 |
| OBC : | 183 | 144 | 327 |
| Others : | 3 | 5 | 8 |
| APL : | 122 | 125 | 247 |
| BPL : | 360 | 320 | 680 |

ആകെ അധ്യാപകർ

- HM 1
- HS — 24
- UP — 14 + 2 = 16
- LP — 4
- Total — 44

ആകെ അനധ്യാപകർ

5

ആകെ ഡിവിഷനുകൾ

| | | |
|---|---|---|
| 1 – 1 | 5 – 4 | 8 – 5 |
| 2 – 1 | 6 – 5 | 9 – 4 |
| 3 – 1 | 7 – 5 | 10 – 5 |
| 4 – 1 | | |

IED വിദ്യാർത്ഥികൾ

9 പേർ സർട്ടിഫിക്കറ്റുള്ളവർ + 3 പേർ ഇല്ലാത്തവർ

11 Boys + 1 Girl = 12 nos.

Bed-ridden - 2 boys

[1 with certificate + 1 without certificate]

സ്കൂളിൽ വരാത്തത് — 1 with certificate

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| മലയാളം മീഡിയം | ഇംഗ്ലീഷ് മീഡിയം |
|---|---|
| B + G = T | B + G = T |
| 179 + 145 = 324 | 303 + 300 = 603 |

ഭാഷാടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം

മലയാളം:

Boys : 359

Girls : 292

Total : 651

സംസ്കൃതം :

Boys : 53
Girls : 50
Total : 103

അറബി :

Boys : 70
Girls : 103
Total : 173

1 മുതൽ 4 വരെ അറബി അഡീഷ
ണൽ ലാംഗ്വേജ് ആയി പഠിക്കുന്നവർ:

Boys : 3
Girls : 13
Total : 16

## അദ്ധ്യാപകരുടെ പേരും തസ്തികയും ക്ലാസ്ചാർജും

| | | |
|---|---|---|
| 1. | രേഖാറാണി. ടി | ഹെഡ്മിസ്ട്രസ് |
| 2. | ജയന്തി . എസ് | എച്ച്. എസ്. ടി ഫിസിക്കൽ സയൻസ് |
| 3. | രമ്യ. ആർ | എച്ച് എസ്. ടി ഫിസിക്കൽ സയൻസ് |
| 4. | ലിജ. കെ. ജി | എച്ച് എസ്. ടി നാച്ചുറൽ സയൻസ് |
| 5 | ജസീല എം | എച്ച് . എസ്. ടി നാച്ചുറൽ സയൻസ് |
| 6. | യാസ്മിൻ എടക്കടവൻ 9A | എച്ച് . എസ്. ടി സോഷ്യൽ സയൻസ് |
| 7. | ഷാജിത. കെ 10A | എച്ച്. എസ്. ടി സോഷ്യൽ സയൻസ് |

| | |
|---|---|
| 8. ദർശന. ആർ | എച്ച്. എസ്. ടി<br>സോഷ്യൽ സയൻസ് |
| 9. മഞ്ജു. വി. ആർ<br>9D | എച്ച്. എസ്. ടി<br>മാത്തമാറ്റിക്സ് |
| 10. ദിവ്യ മാത്യു<br>8A | എച്ച്. എസ്. ടി<br>മാത്തമാറ്റിക്സ് |
| 11 സുജ എൻ. ആർ<br>8E | എച്ച്. എസ്. ടി<br>മാത്തമാറ്റിക്സ് |
| 12. രാജുഗോപാലൻ. ടി.പി. | എച്ച്. എസ്. ടി<br>മലയാളം |
| 13. ഗായത്രി. കെ. വി<br>10B | എച്ച്. എസ്. ടി<br>മലയാളം |
| 14 ജിനിത. ആർ<br>8C | എച്ച്. എസ്. ടി<br>മലയാളം |
| 15. സിജോ. പി. അഗസ്റ്റിൻ<br>10D | എച്ച്. എസ്. ടി<br>ഇംഗ്ലീഷ് |

| | | |
|---|---|---|
| 16. | ബിന്ദു എൻ<br>9C | എച്ച്.എസ്.ടി<br>ഇംഗ്ലീഷ് |
| 17 | ജിമിയ ജോർജ്ജ്<br>8B | എച്ച്.എസ്.ടി<br>ഇംഗ്ലീഷ് |
| 18. | വിനിത ടി<br>8D | എച്ച്.എസ്.ടി<br>ഹിന്ദി |
| 19. | ശ്രീദേവി. കെ.എസ്<br>10C | എച്ച്.എസ്.ടി<br>ഹിന്ദി |
| 20. | ഉമ്മുസൽമ. എ.കെ | എച്ച്.എസ്.ടി<br>അറബി |
| 21. | ഹൃദ്യ എം.എസ്<br>9B | എച്ച്.എസ്.ടി<br>സംസ്കൃതം |
| 22. | പ്രസാദ്കുമാർ. കെ.എസ് | ഡ്രോയിങ്ങ് |
| 23. | കൃഷ്ണദാസൻ. കെ | ഫിസിക്കൽ<br>എഡ്യൂക്കേഷൻ |
| 24 | രഞ്ജു. ആർ.ബി | സ്വീയിങ്ങ് |

യു.പി എസ്.ടി - ക്ലാസ്സ് ചാർജ്ജുകൾ

1. സിന്ധു. എം 7B
2. ഷിജു. എൻ. കെ 7A
3. സന്തോഷ്. ടി. പി — 5B
4 ഗായത്രി ആർ - 6C
5. പ്രകാശ് എസ്
6. ഷൈജുമോൾ വി.എം 6B
7 മഹേഷ് എ — 5A
8 കൃഷ്ണബിന്ദു. പി 7C
9. സീനത്ത് പി.എ 5C
10 സാബിറ വി കെ
11 സജിത. കെ 6D
12 രശ്മിദേവി. കെ. പി 6A
13 ഷന്നിദ റഷീദ എച്ച് എ 7D
14 ശ്രുതി. ആർ 5D

ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി
+ ക്ലാസ്ചാർജ്

1. അജിമോൾ ജി 7E
2. പ്രമീള കെ

എൽ.പി

1. ബിന്ദു. കെ III A
2. സുഷമിത ബി I A
3. ബിന്ദു. ടി IV A
4. സതി. കെ ടി II A

ഓഫീസ് സ്റ്റാഫ്

1. പ്രീതി രാമചന്ദ്രൻ ക്ലർക്ക്
2. അനു .എ ഒഎ
3. പ്രസ്മ. വി ഒ എ
4 ജയശ്രീ എം എഫ് ടി എം
5. സബിത പി.എസ് എഫ് ടി എം

. വിദ്യാലയത്തിന്റെ വിലാസം :

GHSS Erimayur
Erimayur [P.O]
— 678546

. സ്കൂളിന്റെ സ്വഭാവം : സർക്കാർ, മിക്സ്ഡ്

. ഫോൺ നമ്പർ :

04922210014

. ഇ-മെയിൽ വിലാസം :

ghserimayur2@gmail.com

. സ്കൂൾ സ്ഥാപിച്ച വർഷം : 1898

. സ്കൂൾ കോഡ് : 21011

. വിദ്യാഭ്യാസ ഉപജില്ല : ആലത്തൂർ

. വിദ്യാഭ്യാസ ജില്ല : പാലക്കാട്

. അസംബ്ലി നിയോജക മണ്ഡലം : ആലത്തൂർ

. പാർലമെന്റ് നിയോജക മണ്ഡലം : ആലത്തൂർ(SC)

. റൂറൽ / അർബൻ : റൂറൽ

- ബ്ലോക്ക് : ആലത്തൂർ
- പഞ്ചായത്ത് : എരിമയൂർ
- U DISE CODE : 32060200407
- പ്രീ-പ്രൈമറി ടീച്ചർ : ലതാകുമാരി.കെ
- ഹെൽപ്പർ : വത്സല. വി
- പ്രീ-പ്രൈമറിയിലുള്ള കുട്ടികളുടെ എണ്ണം : 6 Boys. + 8 Girls = 14nos.
- ഉച്ചഭക്ഷണം തയ്യാറാക്കുന്നവർ

കുഞ്ഞു
ലക്ഷ്മി

പഠനാനുബന്ധ - പാഠ്യേതര പ്രവർത്തനങ്ങൾ

- SPC
- JRC
- NCC
- സ്കൂൾ, സബ് ജില്ലാ, ജില്ലാ, സംസ്ഥാന അസോസിയേഷൻ കായികമേളകൾ

- സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാന, ശാസ്ത്രമേളകൾ, കലോത്സവങ്ങൾ
- ഓണം, ക്രിസ്മസ്, പെരുന്നാൾ ആഘോഷങ്ങൾ, റമഹാനി ഫെസ്റ്റ്
- LSS, USS, NMMS (സ്കോളർഷിപ്പ്) പരിശീലനങ്ങൾ
- പഠനയാത്രകൾ
- വിനോദയാത്രകൾ
- ഫീൽഡ് ട്രിപ്പുകൾ
- വിദ്യാരംഗം കലാസാഹിത്യവേദി, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദിക്ലബ്ബ്, സയൻസ്ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, കാവാരക്ലബ്ബ്, ട്രാഫിക് ക്ലബ്ബ്, സ്പോർട്സ്ക്ലബ്ബ്, ലഹരി വിരുദ്ധക്ലബ്ബ്
- ശില്പശാലകൾ
- YIP
- മലയാളത്തിളക്കം
- ശ്രദ്ധ
- വിജയശ്രീ
- LEP
- ഹരിതവിദ്യാലയം
- കുട്ടിക്കൃഷി പ്രോജക്റ്റ്, ക്ലാസ്റൂം ലൈബ്രറി, കൗൺസിലിംഗ്, പൂന്തോട്ടനിർമ്മാണം
- പ്രവേശനോത്സവം, പഠനോത്സവം
- ഭാഷാ ഫെസ്റ്റ്
- വാർഷികാഘോഷം

വിദ്യാലയത്തിൽ ആചരിക്കപ്പെടുന്ന ദിന
ങ്ങൾ ഇങ്ങനെ...

1. ജൂൺ 5 ലോകപരിസ്ഥിതിദിനം

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വളർത്താനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാനും.

2. ജൂൺ 12 ബാലവേല വിരുദ്ധദിനം

പുസ്തകങ്ങളുമായി പാറി നടക്കേണ്ട സമയത്ത് തങ്ങളുടെയും സ്വന്തം കുടുംബത്തിന്റെയും പ്രാരാബ്ധങ്ങൾ ഏറ്റുവാങ്ങുന്ന നിഷ്കളങ്ക ബാല്യത്തെ സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസംഘടന 2002 മുതൽ ജൂൺ 12 ബാലവേല വിരുദ്ധദിനമായി ആചരിക്കുന്നതിനോടൊപ്പം വിദ്യാലയവും.

3 ജൂൺ 19 വായനാദിനം

കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയാണ് പി.എൻ. പണിക്കർ. അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 കേരളത്തിൽ 1996 മുതൽ വായനാദിനമായി ആചരിക്കുന്നു. ജൂൺ 19 മുതൽ 25 വരെയുള്ള ഒരാഴ്ച വിദ്യാഭ്യാസവകുപ്പ് വായനാവാരമായി ആചരിക്കുന്നതിന് പങ്കാളിയാകുന്നു.

4. ജൂൺ 26 ലോകലഹരിവിരുദ്ധദിനം

ഐക്യരാഷ്ട്ര സംഘടന 1987 മുതൽ ജൂൺ 26 ലോകലഹരിവിരുദ്ധദിനമായി ആചരിച്ചുവരുമ്പോൾ ലഹരി വസ്തുക്കളുടെ ദുരുപയോഗം മൂലമുണ്ടാകുന്ന വിപത്തുകളെക്കുറിച്ചും ലഹരി വിരുദ്ധ വസ്തുക്കളിൽ നിന്നും വിട്ടുനിൽക്കേണ്ട

ആവശ്യകതയെക്കുറിച്ചും ഉത്തരവാദിത്വത്തെ ബോധവത്കരിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുന്നു.

5. ജൂലൈ 5 ബഷീർ ചരമദിനം

മലയാള സാഹിത്യത്തിലെ സുൽത്താൻ, ബേപ്പൂർ സുൽത്താൻ എന്ന പേരിലറിയപ്പെടുന്ന പ്രശസ്ത സാഹിത്യകാരനായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലൈ 5 ബഷീർ ദിനമായി ആചരിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത് ബഷീർകൃതികളെക്കുറിച്ചുള്ള അവബോധം.

6. ജൂലൈ 11 ലോകജനസംഖ്യാദിനം

ലോകജനസംഖ്യ 500 കോടിയിലെത്തിയത് 1987 ജൂലൈ 11 നാണ്. ദാരിദ്ര്യത്തിന് ആനുപാതികമായി ജനസംഖ്യയും ജനസംഖ്യയ്ക്ക് ആനുപാതികമായി ദാരിദ്ര്യവും വർദ്ധിക്കുന്നു

പിന്നിട്ട് പോയ നൂറ്റാണ്ടുകൾ ലോകത്തിനു നൽകുന്ന പാഠം. ജനസംഖ്യയ്ക്കൊപ്പം ദാരിദ്ര്യവും കൂടുമെന്ന തിരിച്ചറിവിന്റെ ഓർമ്മപ്പെടുത്തലായി ലോക ജനസംഖ്യാദിനം വിദ്യാർത്ഥികൾക്കു മുൻപിൽ.

7. ജൂലൈ 21 ചാന്ദ്രദിനം

മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയ ദിവസമാണ് ജൂലൈ 21. ബഹിരാകാശ സാധ്യതകളെപ്പറ്റി ചിന്തിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു.

8. ജൂലൈ 27 ഡോ. എ. പി. ജെ അബ്ദുൾ കലാം ഓർമ്മദിനം.

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൾ കലാമിന്റെ ചരമദിനമായ ജൂലൈ 27, അദ്ദേഹത്തിന്റെ ചിന്തകൾക്കും വാക്കുകൾക്കും കാതോർക്കുന്ന ദിനമാണ്.

9. ആഗസ്റ്റ് 6 ഹിരോഷിമദിനം

ലോകത്ത് ആദ്യമായി അണുബോംബ് വർഷിച്ചതിന്റെ വാർഷികമായി ആഗസ്റ്റ് 6ന് ഹിരോഷിമാദിനം ആചരിക്കുമ്പോൾ വിദ്യാർത്ഥികൾ ബോധവാന്മാരാകുന്നത് യുദ്ധക്കെടുതികളെക്കുറിച്ച്.

10. ആഗസ്റ്റ് 15 ഇന്ത്യൻ സ്വാതന്ത്ര്യദിനം

ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെയും 1947-ൽ ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായതിന്റെയും ഓർമ്മയ്ക്കായി എല്ലാ വർഷവും ഓഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യദിനമായി ആചരിക്കുന്നു. ദേശീയ അവധിയായ അന്ന് രാജ്യത്തുടനീളം ഇന്ത്യയുടെ ദേശീയ പതാക ഉയർത്തുമ്പോൾ, വിദ്യാലയത്തിലും അത്തരം ചടങ്ങുകൾ സംഘടിപ്പിക്കുമ്പോൾ വിദ്യാർത്ഥികൾക്ക്

ലഭിക്കുന്നത് ദേശീയ ബോധവും സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യവും.

11 ഓഗസ്റ്റ് 29 ദേശീയകായികദിനം
[ധ്യാൻചന്ദ് ജന്മദിനം]

ഇന്ത്യൻ ഹോക്കിയെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ധ്യാൻ ചന്ദ് എന്ന ഹോക്കി മാന്ത്രികനോടുള്ള ആദര സൂചകമായി ധ്യാൻചന്ദ് ജനിച്ച ആഗസ്റ്റ് 29ന് ഇന്ത്യ ദേശീയ കായിക ദിനമായി ആചരിക്കുമ്പോൾ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത് കായികമേഖയിലെ സമഗ്ര അറിവുകൾ...

12. സെപ്തംബർ 5 അധ്യാപകദിനം

അധ്യാപകദിനമായി തെരഞ്ഞെടുത്തത് ഭാരതം എക്കാലവും ആദരിക്കുന്ന പ്രശസ്ത അധ്യാപകനും ഇന്ത്യയുടെ രാഷ്ട്രപതിയുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ

ജന്മദിനമായ സെപ്റ്റംബർ 5 നാണ്. 1961 മുതൽ എല്ലാവർഷവും സെപ്റ്റംബർ 5 അധ്യാപകദിനമായി ആചരിച്ചുപോരുന്നു.

അധ്യാപകരുടെ സാമൂഹിക സാമ്പത്തികപദവി മെച്ചപ്പെടുത്തുക, വിദ്യാഭ്യാസരംഗത്ത് അവരുടെ പ്രവർത്തനം ഫലപ്രദമാക്കുക എന്നി ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കാനും രൂപം നൽകാനും ഈ ദിനം പ്രയോജനപ്പെടുത്തുന്നു.

13 സെപ്തംബർ 16 ലോക ഓസോൺദിനം

സൂര്യനിൽ നിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തി മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും സംരക്ഷിക്കുന്നത് അന്തരീക്ഷത്തിലെ ഓസോൺ പാളിയാണ്. മനുഷ്യനിർമ്മിതമായ രാസവസ്തുക്കളും മറ്റ് പ്രകൃതിക്ക് ദോഷകരമായ അവസ്ഥകളുമെല്ലാം ഓസോൺപാളിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം രാസവസ്തുക്കളുടെ ഉത്പാദനവും ഉപയോഗവും നിയന്ത്രിച്ച് ഭൂമിയെയും ജീവജാലങ്ങളെയും

സംരക്ഷിക്കേണ്ടതിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനാണ് ഓസോൺദിനം ആചരിക്കുന്നത്.

14. ഒക്ടോബർ 2 ഗാന്ധിജയന്തി

ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തിയായി ഇന്ത്യയിലെങ്ങും ആചരിക്കുന്നു. ഈ ദിനത്തിൽ ഗാന്ധിജിയുടെ അഹിംസയിലൂന്നിയ ജീവിതവും സന്ദേശത്തിന്റെ മഹത്വവചനങ്ങളും ഓർമ്മിക്കപ്പെടുന്നു. അന്താരാഷ്ട്ര അഹിംസാദിനമായും ആചരിക്കപ്പെടുന്നു. വിദ്യാലയത്തിൽ ശുചീകരണവാരം ആചരിക്കുന്നു.

15. ഒക്ടോബർ 9 ലോകതപാൽദിനം

ഒക്ടോബർ 9 ലോകമെമ്പാടും തപാൽദിനമായി ആചരിക്കുന്നു. രാജ്യാന്തര തപാൽ യൂണിയന്റെ ആഹ്വാന പ്രകാരമാണ് ഈ ദിവസം ലോകതപാൽദിനമായി ആചരിക്കുന്നത്. 1874 ലാണ് ഇതിന് തുടക്കം കുറിച്ചത്. ഇന്ത്യയിൽ ഒക്ടോബർ 10 ന് ദേശീയതപാൽദിനമായി ആചരിക്കുന്നു. ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന തപാൽ സംവിധാനങ്ങളെക്കുറിച്ച് കത്തിടപാടുകളെക്കുറിച്ച് വിദ്യാർത്ഥികളിൽ ജ്ഞാനമുണ്ടാക്കുന്നു.

ഒക്ടോബർ 16 ലോകഭക്ഷ്യദിനം

ഐക്യരാഷ്ട്രസഭയുടെ ആഹ്വാനം അനുസരിച്ച് 1979 മുതൽ എല്ലാവർഷവും ഒക്ടോബർ 16 ലോകഭക്ഷ്യദിനമായി ആചരിക്കുന്നു. ദാരിദ്ര്യത്തിനും പട്ടിണിക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാണ് ഐക്യരാഷ്ട്രസഭ ലക്ഷ്യമിടുന്നത്. അന്നത്തിന്റെ വില മനസ്സിലാക്കാനും കൃഷിയെ സ്നേഹിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും വിദ്യാലയം ഈ ദിനം പ്രയോജനപ്പെടുത്തുന്നു.

17 നവംബർ 1 കേരളപ്പിറവിദിനം

1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപവത്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്ന് കേരളപ്പിറവി ദിനമായി ആഘോഷിക്കപ്പെടുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന കേരളത്തിൽ ജീവിക്കുന്നതിന് അഭിമാനപുളകിതരാകാൻ

ഈ ദിനം യുവതലമുറയ്ക്ക് അവസരമൊരുക്കുന്നു.

18. നവംബർ 12 ദേശീയ പക്ഷി നിരീക്ഷണ ദിനം

പക്ഷിമനുഷ്യൻ എന്നറിയപ്പെടുന്ന, ലോകപ്രശസ്തനായ പക്ഷിനിരീക്ഷകൻ ഡോ. സാലിം അലിയുടെ ജന്മദിനമായ നവംബർ 12 ഇന്ത്യയിൽ ദേശീയപക്ഷി നിരീക്ഷണദിനമായി ആഘോഷിക്കുന്നു. പ്രകൃതി സ്നേഹം വളർത്താൻ ഈദിനം പ്രയോജനപ്പെടുന്നു.

19. നവംബർ 14 ശിശുദിനം

ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് നവംബർ 14. 1889 നവംബർ 14 നാണ് അദ്ദേഹം ജനിച്ചത്. കുട്ടികളുടെ ഇഷ്ട ചങ്ങാതിയായിരുന്നു നെഹ്റു. അതിനാലാണ് ഈ ദിവസം ശിശുദിനമായി ആചരിച്ചുവരുന്നത്. ചാച്ചാജി എന്ന ഓമനപ്പേരിനാൽ, നെഹ്റു എന്നും ഓർമ്മിക്കപ്പെടുമ്പോൾ

വിദ്യാർത്ഥികളിൽ ഇത്തരം വ്യക്തിത്വ
ങ്ങൾ ഊട്ടി ഉറപ്പിക്കുന്നത് ശിശുവാത്സല്യ
വും നേതൃപാടവവും.

20. ഡിസംബർ 3 ലോകഭിന്നശേഷിദിനം

അംഗവൈകല്യം ബാധിച്ചവരെ
ഓർക്കാൻ, അവരുടെ ജീവിതത്തിന്റെ
അപൂർണ്ണതകളെയും അശരണാവസ്ഥയെയും
ഓർക്കാൻ ലോകം സമർപ്പിച്ച ദിവസമാണ്
ഡിസംബർ 3 ലോകവികലാംഗദിനം. അ
വശതയുടെയും അനാഥത്വത്തിന്റെയും
ലോകത്ത് അകപ്പെട്ട വികലാംഗരെ
ഓർക്കാനും സഹായിക്കാനുമുള്ള ദിനം
വിദ്യാർത്ഥികൾക്ക് പകരുന്നത് തങ്ങളുടെ
സഹപാഠികളായിട്ടുള്ള ഇത്തരം വിദ്യാർത്ഥി
കളോടുള്ള കരുണ മനോഭാവവും സഹായ
മനസ്കതയും.

21. ഡിസംബർ 18 ലോക അറബിഭാഷാദിനം

ഡിസംബർ 18 യുനെസ്കോയുടെ
ആഭിമുഖ്യത്തിൽ 2010 മുതൽക്ക് എല്ലാ
വർഷവും അറബിഭാഷാദിനമായി ആചരി
ച്ചുവരുന്നു. ബഹുഭാഷാ പരതയും,
സാംസ്കാരിക നാനാത്വവും കൊണ്ടാടുക

എന്നതാണ് ഈ ദിനാചരണത്തിന്റെ
ലക്ഷ്യങ്ങളിൽ ഒന്ന്. ഐക്യരാഷ്ട്ര സഭയുടെ
ആറ് ഔദ്യോഗിക ഭാഷകളെ തുല്യമായി
കണ്ടുകൊണ്ട് അവയുടെ ഉപയോഗത്തെ
യു.എൻ. ഭാഷാ സംഘടനകളിലുടനീളം
പ്രോൽസാഹിപ്പിക്കുകയെന്നതും ലക്ഷ്യങ്ങളിൽ
പ്പെടുന്നു. ക്രിസ്മസ് ഹോളിഡെയ്സിനിട
യിലോ ക്രിസ്മസ് പരീക്ഷയ്ക്കിടയിലോ
ആകാം ഈ ദിനം വരുന്നത് എന്ന
തിനാൽ അതിന്റെ പ്രസക്തി വിദ്യാർ
ത്ഥികളിലേയ്ക്കും രക്ഷിതാക്കളിലേയ്ക്കും
പകരുന്നത് വാട്സ്ആപ്പ് സന്ദേശങ്ങളിലൂടെ

22. ഡിസംബർ 22 ദേശീയഗണിതശാസ്ത്രദിനം

ഇന്ത്യൻ ഗണിതശാസ്ത്രജ്ഞനായ
ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ
ഡിസംബർ 22 ആണ് ദേശീയ ഗണിത
ശാസ്ത്രദിനം. ഇത് മിക്കവാറും ക്രിസ്മസ്
ഹോളിഡെയ്സിനിടയിൽ മാത്രം വരുന്ന
തുകൊണ്ട് ദിനാവബോധം പ്രധാന്യവും
വിദ്യാർത്ഥികളിലേക്കെത്തിക്കുന്നത്
whatsapp ലൂടെ.

23. ജനുവരി 26 റിപ്പബ്ലിക്ദിനം

ഇന്ത്യയുടെ പരമോന്നത ഭരണഘടന നിലവിൽ വന്നതിന്റെ ഓർമ്മയ്ക്കായി ജനുവരി 26 രാജ്യം റിപ്പബ്ലിക് ദിനമായി ആചരിക്കുമ്പോൾ വിദ്യാലയത്തിൽ പതാക ഉയർത്തൽ ചടങ്ങും അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നു

24 ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം

ഭാഷയുടെ വൈവിധ്യം, ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ച് ആളുകളുടെ ഇടയിൽ ബോധമുണർത്തുക എന്നലക്ഷ്യത്തോടെയാണ് ലോകമെങ്ങും ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി ആചരിക്കുന്നത്. മലയാളം മറക്കുന്ന മലയാളിയെ ഇല്ലാതാക്കാൻ ഈ ദിനം ഉപയോഗിക്കുന്നു.

25 ഫെബ്രുവരി 28 ദേശീയശാസ്ത്രദിനം

നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യൻ ശാസ്ത്രജ്ഞനായ സി.വി. രാമൻ 1928 ഫെബ്രുവരി 28-നാണ് സമ്മാനാർഹമായ രാമൻ ഇഫക്റ്റ് കണ്ടെത്തിയത്. ആ ദിനത്തിന്റെ ഓർമ്മ

ഓർമ്മക്കായി ഫെബ്രുവരി 28 ഇന്ത്യൻ ദേശീയ ശാസ്ത്രദിനമായി ആഘോഷിക്കുന്നു. ശാസ്ത്രലോകത്തെ കുറിച്ചുചരിത്രങ്ങളെയും അനന്തസാധ്യതകളെയും കുറിച്ച് അറിയുവാനായി ഈ ദിനാചരണം ഉപയോഗപ്പെടുത്തുന്നു.

26 ലോകവനദിനം മാർച്ച് 21

എല്ലാവർഷവും മാർച്ച് 21നാണ് ലോകവനദിനമായി ആചരിക്കുന്നത്. വനനശീകരണത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനാണ് ഈ ദിനം പ്രാധാന്യം നൽകുന്നത്. വാർഷികപരീക്ഷകൾക്കിടയിൽ വരുന്നതുകൊണ്ട് ഇത്തരം ദിനാചരണങ്ങൾ വാട്സ് ആപ്പ് സന്ദേശങ്ങളിലും ചാർട്ടുകളുടെ പ്രദർശനങ്ങളിലും സ്ലോഗൻസിന്റെ കൈമാറ്റങ്ങളിലും ഒതുങ്ങുന്നു.

27 മാർച്ച് 22 ലോകജലദിനം

ഓരോ തുള്ളി ജലവും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം മനുഷ്യനെ ബോധ്യപ്പെടുത്താനാണ് മാർച്ച് 22 ലോകജലദിനമായി ആചരിക്കുന്നത്. വാട്സ് ആപ്പ് സന്ദേശങ്ങളിലൂടെ പ്രധാനമായും വിദ്യാർത്ഥിക

റെയും രക്ഷിതാക്കളെയും ബോധവൽക്കരി
ക്കുന്നു.

28. ഏപ്രിൽ 7 ലോകആരോഗ്യദിനം

ശാരീരികമായ ആരോഗ്യത്തെ
കൂടാതെ മാനസികവും സമൂഹികവുമായ
ആരോഗ്യത്തെകൂടി സംരക്ഷിക്കണമെന്ന്
ഈദിനം ഓർമ്മിപ്പിക്കുന്നു. ഇത് മൂന്നും
കൂടുമ്പോഴേ ഒരാൾ ആരോഗ്യവാനാണെന്ന്
പറയാൻ കഴിയൂ എന്ന് രക്ഷിതാക്കളെയും
വിദ്യാർത്ഥികളെയും ബോധിപ്പിക്കാൻ
വാട്സ് ആപ്പ് സന്ദേശങ്ങൾ കൈമാറുന്നു.

29. മെയ് 31 ലോകപുകയിലവിരുദ്ധദിനം

ലോകാരോഗ്യസംഘടനയുടെ നേതൃ
ത്വത്തിൽ മെയ് 31ന് ലോകപുകയില
വിരുദ്ധദിനം ആചരിക്കുകയാണ്. പുകയില
ഉപയോഗത്തിൽ നിന്നും ആളുകളെ പിന്തി
രിപ്പിച്ച് പുകയില ഉത്പന്നങ്ങൾ ഇല്ലാത്ത
ലോകമെന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരു
ന്നത് പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണ
ത്തിലൂടെ ലക്ഷ്യമിടുന്നത്. സ്കൂൾ പ്രവേശ
നോത്സവത്തിന് മുന്നോടിയായി വരുന്ന ദിന
മായതിനാൽ ബോധവൽക്കരണ സന്ദേശങ്ങൾ
വാട്സ് ആപ്പിലൂടെ കൈമാറുന്നു.

## ഭൗതികസൗകര്യങ്ങൾ

മലയാളം, ഇംഗ്ലീഷ് എന്നിവയാണ് പഠനമാധ്യമം. ഏത് കാലാവസ്ഥയിലും റോഡിലൂടെ ഈ വിദ്യാലയത്തെ സമീപിക്കാവുന്നതാണ്. പഠനാവശ്യങ്ങൾക്കായി സർക്കാറിന്റെ 55 ക്ലാസ് മുറികളുണ്ട്. ഇതര അധ്യാപന പ്രവർത്തനങ്ങൾക്കായി മറ്റ് മുറികളുണ്ട്. ലൈബ്രറി, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ് ലാബുകൾ, കമ്പ്യൂട്ടർ എയ്ഡഡ് ലേണിങ് ലാബ് എന്നിവയ്ക്ക് മുറികളൊരുക്കിയിട്ടുണ്ട്. സ്കൂളിൽ ഹെഡ്മാസ്റ്റർ/ അധ്യാപകർ എന്നിവർക്ക് പ്രത്യേകം റൂമുകളുണ്ട്. സ്കൂളിന് അതിർത്തിഭിത്തിയുണ്ട്. വൈദ്യുതി കണക്ഷൻ സുഗമമാണ്. സ്കൂളിലെ കുടിവെള്ളത്തിന്റെ ഉറവിടം ടാപ്പുകളാണ്. അത് പ്രവർത്തനക്ഷമമാണ്. സ്കൂൾ പരിസരത്ത് ഉച്ചഭക്ഷണം തയ്യാറാക്കുകയും നൽകുകയും ചെയ്യുന്നു. അടുക്കള വിശാലമാണ്. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താൻ ഫിൽട്ടർ സൗകര്യം ലഭ്യമാണ്. ടൊയ്‌ലറ്റു

ളിലെ എല്ലാ ക്ലാസ്സുകളും ഹൈടെക് സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. കമ്പ്യൂട്ടർ ലാബിൽ 19 UP+4HS കമ്പ്യൂട്ടറുകൾ ഉണ്ട്. ശാസ്ത്ര അഭിരുചി വളർത്തുന്നതിനായി ടിങ്കറിങ്ങ് ലാബ് പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഡെസ്ക്ടോപ്പുകൾ (ഓഫീസ് + കമ്പ്യൂട്ടർ ലാബ്) ഉപയോഗിക്കുന്നു. അധികസൗകര്യങ്ങളായി സ്കൂൾ ബസ് (രാവിലെയും വൈകിട്ടും 2 ട്രിപ്പുകൾ വീതം), കാന്റീൻ, അസംബ്ലി ഹാൾ, ബട്ടർഫ്ലൈ പാർക്ക് എന്നിവ ഉണ്ട്. സ്കൂൾ ഗ്രൗണ്ട് ഭംഗിയായി തന്നെ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പ്രിൻസിപ്പൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചുകൊണ്ട് പോലീസ് ഓഫീഷ്യൽസും പി.ടി.എ ഭാരവാഹികളും അധ്യാപകരും അംഗങ്ങളായി കൊണ്ട് SPG പ്രവർത്തിക്കുന്നു [സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്]

• എൻ.സി.സി : 8-10 തരത്തിലെയും
9-10 തരത്തിലെയും കൂടി 100 വിദ്യാർത്ഥി
കളെ ഉൾപ്പെടുത്തിയിട്ടുള്ള ഒരു യൂണിറ്റ്
പ്രവർത്തിക്കുന്നു.

കേരള എൻ.സി.സി ബറ്റാലി
യനിൽ നിന്നുള്ള ആർമി ഓഫീസേഴ്സ് വിവി
ധ മാനദണ്ഡങ്ങൾ പരിശോധിച്ച് മികച്ച
വിദ്യാർത്ഥികളെ എൻ.സി.സി 27(K)
ബറ്റാലിയൻ പാലക്കാട് ആർമിവിങ്ങിന്
വേണ്ടി സെലക്ട് ചെയ്യുന്നു. [Height,
weight, physical ability, leadership
skill, general knowledge എന്നിവയെ
അടിസ്ഥാനമാക്കി].

വിദ്യാർത്ഥികൾ എൻ.സി.സി
മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാന
പ്രക്രിയകൾ മനസ്സിലാക്കുന്നു. അതിൽപങ്കെ
ടുക്കുന്നതിനുള്ള അവസരങ്ങൾ അവർക്ക
ലഭിക്കുന്നു. സായുധസേനകൾ, പോലീസ്

സേനകൾ എന്നിവയിലേക്കുള്ള സെലക്ഷന് കായികക്ഷമത എത്രത്തോളം ആവശ്യമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു. ഭാവിയിൽ സേനകളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കുട്ടികൾ കായികക്ഷമതാ പരിശോധനയുടെ പ്രാധാന്യം മനസ്സിലാക്കി മുൻകൂട്ടി പരിശീലിക്കുന്നു.

NCC യൂണിറ്റ് JD/JW ഡിവിഷന്റെ ട്രൂപ്പ് നം. 44 എന്ന പേരിലാണ് പ്രവർത്തിച്ചുവരുന്നത്. എൻ.സി.സി JD/JW കേഡറ്റുകളുടെ 100 അംഗീകൃത ഒഴിവുകളാണ് അഡിഷണൽ ഡയറക്ടറേറ്റ് ജനറൽ, എൻ.സി.സി ഓഫ് കേരള & ലക്ഷദ്വീപ്, തിരുവനന്തപുരം അനുവദിച്ചുനൽകിയിട്ടുള്ളത്. HST നാച്ചുറൽ സയൻസ് അനില കുമാരി. ജസീലാമ [അസ്സോസിയേറ്റ് എൻസിസി ഓഫീസർ]-ന്റെ നേതൃത്വത്തിലുള്ള ആർമിവിങ്

കേഡറ്റുകളാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഓരോ വർഷവും 40 പരേഡുകൾ [120 പീരിഡ്] നടക്കുന്നുണ്ട്. ഓരോ പരേഡും 3 പീരിഡുകൾ ഉൾക്കൊള്ളുന്നു. 27(K) ബറ്റാലിയൻ എൻ.സി.സി. പാലക്കാടിലെ ഓഫീസർമാരും പോസ്റ്റ് ഇൻസ്ട്രക്ടർമാർ സ്റ്റാഫുകളും കേഡറ്റുകൾക്ക് വരുന്ന അവസരങ്ങളെയും നിക്ഷേപനങ്ങളെയും പരിശീലനം നൽകുന്നു. ക്ലാസ്റൂം നിർദ്ദേശങ്ങൾ, ശാരീരിക പരിശീലനം, മാപ്പ് റീഡിങ്, നാവിഗേഷൻ, നേതൃത്വ വികസനം, ക്യാമ്പുകൾ, കമ്മ്യൂണിറ്റി സേവനം ഇവയെല്ലാം കേഡറ്റ്സിനുള്ള അവസരങ്ങളാണ്.

കുറഞ്ഞത് 2 വർഷത്തെ പരിശീലനം പൂർത്തിയാക്കിയ, കുറഞ്ഞത് ഒരു ക്യാമ്പിൽ [അടിസ്ഥാന ബേസ്ക്യാമ്പ് അല്ലെങ്കിൽ വാർഷിക പരിശീലനക്യാമ്പ്] പങ്കെടുത്ത്, എൻ.സി.സി പ്രവർത്തനങ്ങളിൽ

പങ്കെടുക്കുന്ന കേഡറ്റുകൾക്കാണ് അന്യതല അംഗീകാരമായ 'C' സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്. കൂടാതെ പങ്കാളിത്ത സർട്ടിഫിക്കറ്റും സമ്മാനിക്കുന്നതാണ്. പത്താം ക്ലാസ് റിസൾട്ടിന് ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതുകൊണ്ട് പഠന പിന്നാക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഏറെ അനുഗ്രഹമായി മാറുന്നു, വിദ്യാലയത്തിലെ NCC യൂണിറ്റ്. ഹയർസ്റ്റഡീസിനും അനന്ത സാധ്യതകൾ തുറക്കുന്ന ഇടം.

SPC : 8-10 ക്ലാസ്സിൽ നിന്നും written test-ഉം physical test-ഉം നടത്തി കേഡറ്റ്സിനെ സെലക്ട് ചെയ്യുന്നു. 8,9 ക്ലാസ്സുകളിലെ കുട്ടികൾ ഉൾപ്പെടുന്ന വിധത്തിൽ 44+43 = 87 കുട്ടികളാണ് ഉള്ളത്. വിവിധ വിഷയങ്ങളിൽ Indoor class-കൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. മുതിർന്ന പോലീസുദ്യോഗസ്ഥർ നയിക്കുന്ന ക്ലാസ്സുകളും കൗൺസിലിങ് ക്ലാസ്സുകളും ഉൾപ്പെടുന്നു. ആഴ്ചയിൽ 2 ദിവസം പരേഡുകൾ, സ്കൂൾ അസംബ്ലി

പരിപാടികളിൽ പങ്കാളിത്തം - പ്രധാനമായും അച്ചടക്കത്തിന് പ്രാധാന്യം നൽകുന്ന രാവിലെയും വൈകിട്ടും ഇടവേളകളിലും ഗേറ്റ്ഡ്യൂട്ടി മുതൽ അവർ നിർവ്വഹിക്കുന്നുണ്ട്. പ്രവൃത്തിദിനങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ഇവർ സജ്ജീവരാണ്. അവധിക്കാലക്യാമ്പ് - ഓണം/ക്രിസ്മസ് അവധിദിനങ്ങളിൽ ത്രിദിനക്യാമ്പ് സ്കൂളിൽ വെച്ച് സംഘടിപ്പിക്കുന്നു. DNO, SHO, DI, CPOs എന്നിവരുടെ നേതൃത്വത്തിൽ വിവിധക്ലാസ്സുകൾ, പരേഡുകൾ എന്നിവ നടത്തുന്നു.

ഫീൽഡ്ട്രിപ്പ് - പ്രാദേശിക പ്രാധാന്യമുള്ള, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. ക്യാമ്പിന്റെ ഭാഗമായും അല്ലാതെയും ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

റിക്രിയേഷണൽ ആക്റ്റിവിറ്റീസ് - ക്യാമ്പുകളിലും വിവിധദിനാചരണങ്ങളിലും ഫ്ലാഷ് മോബ്, സ്കിറ്റ്, ചിത്രരചന, പ്ലക്കാർഡ്,

പോസ്റ്റർ നിർമ്മാണം, റാലികൾ എന്നിവ ഉണ്ടാകാറുണ്ട്.

ജുമൈന ടി. എസ്, എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് [CPO]

ദർശിത ആർ എച്ച്.എസ്.ടി സോഷ്യൽ സയൻസ് [ACPO]

എന്നീ അധ്യാപകർ ചാർജ്ജ് നിർവ്വഹിക്കുന്നു.

തിങ്കൾ, ബുധൻ ദിവസങ്ങളിൽ 4 മണി മുതൽ 5.30 വരെ പരേഡ് നടത്തുന്നു. 5.30ക്ക് റിഫ്രഷ്മെന്റ് നൽകാറുണ്ട്. 75% അറ്റൻഡൻസ് നിർബന്ധമാണ്. promotion test-ഉം physical test-ഉം നടത്തി അതിന്റെ അടിസ്ഥാനത്തിൽ സെർട്ടിഫിക്കറ്റും ഗ്രേസ്മാർക്കും നൽകുന്നു. ആഗസ്റ്റ് 2 SPC ദിനവുമായി ബന്ധപ്പെട്ട് SPC പതാക ഉയർത്തി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ഫെബ്രുവരിയിൽ പാസ്സിങ് ഔട്ട് പരേഡ് നടത്തി വിശിഷ്ടവ്യക്തികൾ പരേഡ് സല്യൂട്ട് സ്വീകരിക്കുന്നു.

JRC : ആകെ 87 കുട്ടികൾ അടങ്ങിയ ഒരു യൂണിറ്റ് JRC യിൽ പ്രതിനിധികരിക്കുന്നു. 10-ാം തരം 30, 9-ാം തരം 27, 8-ാം തരം 30 എന്നിങ്ങനെ. 8 മുതൽ 10 വരെ യഥാക്രമം A,B,C ലെവൽ പരീക്ഷകൾ നടത്തുന്നു. First Aid, Fire & Safety, ലഹരിവിമുക്തി.. ഇടങ്ങി സമൂഹത്തിന്റെ അടിവേരിളക്കുന്ന ആരോഗ്യത്തിനാശക്തി കൂട്ടുന്ന ലഹരിക്കെതിരെയുള്ള ക്ലാസുകൾ നൽകുന്നതുകൊണ്ട് ഭാവിയിൽ നല്ലൊരു മുതൽക്കൂട്ടാകുന്ന ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിൽ വിദ്യാലയത്തിന് വലിയ പങ്ക് വഹിക്കാനാകുന്നു. ഈ വിദ്യാർത്ഥികൾ വിവിധ ദിനങ്ങളോടനുബന്ധിച്ചുള്ള ക്വിസ് മത്സരങ്ങൾ, ദേശഭക്തിഗാനങ്ങൾ, പ്രസംഗങ്ങൾ, മലയാള അറിവിന്റെ, വിനോദത്തിന്റെ വ്യത്യസ്ത തലങ്ങളിലും മികവു തെളിയിക്കാറുണ്ട്. ഇവർ വിവിധ പരിപാടികൾ സ്കൂളിൽ സംഘടിപ്പിക്കപ്പെടുമ്പോൾ അച്ചടക്കപരിപാലനത്തിൽ

ഇന്നും സ്വപ്നമായി ഇവർ ഒപ്പമുണ്ട്.

വിഷയാധിഷ്ഠിതാസൂത്രണങ്ങൾ

മലയാളം

ജൂൺ ആദ്യവാരം പ്രീ-ടെസ്റ്റ് നടത്തി, ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ, അക്ഷരം ഉറപ്പിക്കാൻ, [illegible] ഉറപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

മികച്ച വായനക്കാരെ സൃഷ്ടിക്കുന്ന വായനോത്സവം, പുസ്തകചർച്ചകൾ, ദിനാചരണങ്ങൾ, വിദ്യാരംഗം പ്രവർത്തനങ്ങൾ, വായനക്കൂട്ടം എന്നിവ സംഘടിപ്പിക്കുന്നു.

മികച്ച എഴുത്തുകാരെ സൃഷ്ടിക്കാൻ പുസ്തകചർച്ച, ആസ്വാദനക്കുറിപ്പ് -പതിപ്പ്, വായനക്കുറിപ്പ് -പതിപ്പ്, ചുമർപത്രിക, സർഗാത്മകസൃഷ്ടികൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കാൻ പ്രസംഗപരിശീ

ണം, പ്രസംഗം തയ്യാറാക്കൽ, പ്രസംഗ ഓഡി യോ - വീഡിയോ കാണിക്കുക, കേൾപ്പിക്കുക, പ്രസംഗ - വേദി തയ്യാറാക്കുക.

വർഷം മുഴുവൻ, പരീക്ഷാസമയ ങ്ങളിലൊഴികെ, ആവശ്യമായ ഇടവേളകളിൽ ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യുന്നതിനും ലൈബ്രറി സൗകര്യം, ICT പ്രവർത്തനങ്ങൾ, ചാർട്ടുകൾ എന്നിവ ഉപയോഗിക്കുന്നുണ്ട്. [illegible] സർക്കാർ ഫണ്ടുകൾ പരമാവധി പ്രയോജന പ്പെടുത്തിക്കൊണ്ടും വിദ്യാലയ വികസനസമി തിയിൽ നിന്നും സാധ്യമായ തുകകൾ സമാഹരി ച്ചുകൊണ്ടും പ്രവർത്തനങ്ങളുടെ നടത്തി പ്പ് സാക്ഷാത്ക്കരിക്കുന്നു.

ഇംഗ്ലീഷ്

ജൂൺ ആദ്യവാരം പ്രീ-ടെസ്റ്റ് നടത്തി വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളെ കണ്ടെത്തുന്നു. അവരെ LEP-ൽ ഉൾപ്പെടുത്തി

ആധുനികവും പരമ്പരാഗതവുമായ രീതികൾ ഉപയോഗിച്ച് [അവതരിപ്പിച്ചും, കേട്ടെഴുത്ത്, അർത്ഥം ചോദിക്കൽ, സ്പെല്ലിങ് ചോദിക്കൽ] മുന്നിലേക്ക് വരുന്നു. സ്കൂൾ ക്ലബ്ബുകൾ നടത്തുന്ന ഉത്സവദിനങ്ങളിലും ദിനാചരണങ്ങളിലും കൊറിയോഗ്രഫി, ഫ്ലാഷ് മോബ് എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. Essay Writing, Speech, Recitation, Versification, Story Telling എന്നിവയ്ക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.

വായനാ വാരത്തോടനുബന്ധിച്ച് പുതിയ പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. പുത്തൻ വാക്കുകൾ noticeboard-ൽ പ്രദർശിപ്പിച്ച് അവയുടെ അർത്ഥം ആദ്യം കണ്ടെത്തി വരുന്നവർക്ക് സമ്മാനം നൽകുന്നു.

ഫിലിംഫെസ്റ്റ്, ഇംഗ്ലീഷ്ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്. റൈംസ്, പ്രോവെർബ്സ്, റിഡിൽസ്, ക്വാട്ട്സ് എന്നിവ ഉപയോഗിച്ചുകൊണ്ട് ഭാഷയിൽ താൽപ്പര്യം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നു.

അക്കാദമികവർഷം മുഴുവൻ കൃത്യമായ ഇടവേളകളിൽ ഇത്തരം പ്രവർത്തനങ്ങൾ വരുന്ന വിധത്തിൽ നടത്താറുണ്ട്. സർക്കാർ ഫണ്ടുകളുപയോഗിച്ചുകൊണ്ട് [ലഭ്യമെങ്കിൽ] അധ്യാപകക്കൂട്ടായ്മ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നു.

## സംസ്കൃതം

സംസ്കൃതം ഒന്നാംഭാഷയായെടുത്ത എല്ലാ കുട്ടികൾക്കും സംസ്കൃതം വായിക്കാനും എഴുതാനും ആശയങ്ങൾ പ്രകടിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി ഒഴിവുസമയങ്ങളിൽ പരിശീലനം കൊടുക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് പരീക്ഷകൾക്കാവശ്യമായ പരിശീലനം സായാഹ്നസമയങ്ങളിൽ നടത്തുന്നു. സംസ്കൃതദിനാചരണം, 9825, ആഗസ്റ്റ് മാസത്തിലാണ്. അന്ന് രചനാമത്സരങ്ങളും വായനാമത്സരങ്ങളും നടത്തി വിജയികൾക്ക് സമ്മാനദാനം നിർവ്വഹിക്കുന്നു സംസ്കൃത അസ്സംബ്ലി സംഘടിപ്പിക്കുന്നു. ഉപജില്ലാ യുവജനോത്സവം വരെ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്, ആവശ്യമായ പരിശീലനങ്ങൾ നൽകിക്കൊണ്ടുതന്നെ. ICT സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ എന്നിവ അറിയുന്നതിനുള്ള അവസരം ഒരുക്കുന്നു. പുരാതനമായുള്ള അന്യമാകുന്ന വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും എന്നെന്നേക്കുമായി കുറിച്ചു ഉറപ്പിക്കാൻ സാധിക്കുന്നു.

അറബി

വായനയും എഴുത്തും ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പരിശീലനം കൊടുക്കുന്നു. അറബി ഭാഷാദിനത്തിൽ 18.12.23 അസംബ്ലി നടത്തി പ്രാധാന്യം എത്തിക്കാൻ ശ്രമിക്കുന്നു. [ഹോളി ഡെയ്സ് അല്ലെങ്കിൽ ഇടവിട്ട് വരുന്ന പ്രവൃത്തി ദിനങ്ങളിൽ] . ഉപജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനമോ രണ്ടാംസ്ഥാനമോ ഓരോ വർഷവും നേടുന്നുണ്ട്. ലഭ്യമായ സർക്കാർ ഫണ്ടുകളുപയോഗിച്ചും വിദ്യാലയവികസനസമിതിയിൽ നിന്ന് പറ്റുന്ന സംഖ്യ ഉപയോഗിച്ചും അധ്യാപകർ സ്വന്തം ചെലവിലും പ്രവർത്തനങ്ങൾ അറബിയിലും സംസ്കൃതത്തിലും നടത്തുന്നു.

ഹിന്ദി

ഹിന്ദിയിൽ ആശയവിനിമയം ചെയ്യുന്നതിനും ഹിന്ദി അക്ഷരങ്ങളും

വാക്കുകളും ഉച്ചരിക്കുന്നതിനും പരിശീലനങ്ങൾ നൽകുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകശ്രദ്ധ ഒഴിവുസമയങ്ങളിൽ നൽകുന്നു.

രാഷ്ട്രഭാഷയുടെ മഹത്വം ഉൾക്കൊള്ളിക്കുന്നതിന്, അധികവായനയ്ക്കായി ലൈബ്രറി പുസ്തകങ്ങൾ വായിക്കാനാവശ്യപ്പെടുന്നു. വിവിധ മത്സരങ്ങൾ ക്ലാസ്തലത്തിൽ നടത്തി വിജയികൾക്ക് പേന, ബോക്സ്, നോട്ട്ബുക്ക് മുതലായ പാരിതോഷികങ്ങൾ നൽകുന്നു. ഹിന്ദികവിതകൾ, ഗാനങ്ങൾ, നാടകശകലങ്ങൾ എന്നിവയെല്ലാം അവതരിപ്പിക്കുന്നുണ്ട്. ഹിന്ദി അസംബ്ലിയിൽ ഹിന്ദി തോട്ട്സ്, ഹിന്ദി പ്ലെഡ്ജ് എന്നിവ കൈമാറുന്നു ഹിന്ദി ന്യൂസ് റീഡിങ്ങും പുതിയവാക്കുകളെ പരിചയപ്പെടുത്തലും ചെയ്യുന്നുണ്ട്. ചാർട്ടുകൾ, പ്ലക്കാർഡ്സ് എന്നിവ നിർമ്മിക്കുന്നു.

ജൂലൈ 31 പ്രേംചന്ദ് ജയന്തി, സെപ്തം
ബർ 14 ഹിന്ദി ദിവസ്, ജനവരി 10
വിശ്വഹിന്ദി ദിവസ് - എന്നീ ദിനങ്ങളിൽ
ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നുണ്ട്.
മറ്റ് പ്രധാന ദിനാചരണങ്ങളിലും ഹിന്ദിയുടെ
പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. ICT
സാധ്യത ഓരോ ക്ലാസ്സിലും പരമാവധി പ്ര
യോജനപ്പെടുത്തുന്നുണ്ട്.

ഗണിതം

പിന്നാക്കം നിൽക്കുന്ന കുട്ടികളെ
കണ്ടെത്തി അവർക്ക് ചതുഷ്ക്രിയകൾ
ഹൃദിസ്ഥമാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു.
ചാർട്ടുകളും പസിലുകളും ഉപയോഗിക്കുന്നു.
മാജിക് സ്ക്വയർ എന്ന പ്രവർത്തനത്തിലൂടെ
സംഖ്യകളുടെ വിസ്മയലോകത്തേക്ക് കുട്ടികൾ

പ്രവേശിക്കുന്നു. ജ്യാമിതീയ രൂപങ്ങൾ നിർമിക്കാനും അവയുടെ പരപ്പളവ്, ചുറ്റളവ് എന്നിവ കാണുന്നതിനും പരിശീലനം നൽകുന്നു. സബ് ജില്ലാ ശാസ്ത്രമേളയ്ക്കു മുന്നോടിയായി ഗണിതമേള നടത്തുന്നു. ഗണിതം നിത്യജീവിതവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു എന്ന ആശയം അവർക്ക് ബോധ്യപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും ക്ലാസ്സുകളും നൽകുന്നു. ലഭ്യമായ സർക്കാർ ഫണ്ടുകൾ വിനിയോഗിച്ചും വിദ്യാലയവികസനസമിതിയിൽ നിന്നും ലഭ്യമായ ഫണ്ടുകളുപയോഗിച്ചും ഇത്തരം പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നു. ബന്ധപ്പെട്ട അധ്യാപകർ സ്വന്തം ചെലവിലും പ്രവർത്തനങ്ങൾ നടത്തുന്നു. ജൂലൈ 22 പൈ ദിനമായി ആചരിക്കുന്നു. പ്രത്യേക അസ്സംബ്ലി സംഘടിപ്പിക്കുന്നു.

## സോഷ്യൽ സയൻസ്

ജൂൺ 12, ജൂൺ 21, ജൂൺ 26, ജൂലൈ 11, ആഗസ്റ്റ് 9, ആഗസ്റ്റ് 15 എന്നു തുടങ്ങുന്ന വ്യത്യസ്ത ദിനാചരണങ്ങളിൽ സോഷ്യൽ സയൻസ് ക്ലബ്ബ് [illegible] [illegible] പ്രതിഷ്ഠിക്കുന്നു. പ്രബന്ധമത്സരങ്ങൾ, പ്രസംഗമത്സരങ്ങൾ പ്രച്ഛന്ന വേഷങ്ങൾ, ക്വിസ് മത്സരങ്ങൾ, റാലികൾ, ഫ്ലാഷ് മോബുകൾ എന്നിവ സംഘടിപ്പിക്കുന്നു. വ്യക്തിബോധം, സമൂഹബോധം, ദേശബോധം എന്നിവയ്ക്കാവശ്യമായ മൂല്യബോധങ്ങൾ വിദ്യാർത്ഥികളിൽ നിറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ഹിരോഷിമദിനത്തോടനുബന്ധിച്ച് സഡാക്കോ ട്രീ ഒരുക്കുന്നത് നല്ല പ്രവർത്തനമാണ്. ലഭ്യമായ സർക്കാർ ഫണ്ടുകളുപയോഗിച്ചും അധ്യാപകർ സ്വന്തം നിലയ്ക്കും ചെലവ് നടത്തുന്നു. SPC, NCC, JRC

യൂണിറ്റുകൾ പ്രവർത്തനങ്ങൾക്ക് മുന്നിൽ നിൽക്കുന്നു.

ഫിസിക്കൽ സയൻസ്

സയൻസ് ആക്റ്റിവിറ്റികൾ, പരീക്ഷണങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ ചെയ്യുന്നതിനും സയൻസിനോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ട പ്രവൃത്തികൾ നൽകുന്നു. ചെറിയ പരീക്ഷണങ്ങൾ ചെയ്യിക്കുന്നതോടൊപ്പം പരീക്ഷണ സാമഗ്രികൾ ശേഖരിക്കുന്നതിനും പങ്കാളികളാക്കുന്നു. YIP പരിപാടിയിൽ കൂടുതൽ കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനും ശാസ്ത്രമേളയിൽ Innovative experiments തയ്യാറാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നു. പ്രൊജക്റ്റുകൾ, സെമിനാറുകൾ എന്നിവയിൽ പരിശീലനം കൊടുക്കുന്നു. ചാന്ദ്രദിനം, നാഷണൽ സയൻസ് ഡേ മുതലായ ദിനാചരണങ്ങൾ സംഘടി

ച്ചിക്കുന്നു. ടിങ്കറിങ് ലാബ് പ്രയോജനപ്പെടുത്തി ശാസ്ത്രലോകത്തിന്റെ അനന്തസാധ്യതകൾ എത്തിക്കാൻ ശ്രമം നടത്തുന്ന കുട്ടി ശാസ്ത്രജ്ഞന്മാരുണ്ടെങ്കിൽ അവർക്ക് മുന്നേറാനുള്ള സാധ്യതകൾ വിദ്യാലയം ഒരുക്കുന്നു.

നാച്ചുറൽ സയൻസ്

ജൂൺ 5 - പരിസ്ഥിതിദിനം, ജൂലൈ 28 - പ്രകൃതി സംരക്ഷണദിനം, ഡോക്യുമെന്ററി പ്രദർശനം, സെമിനാർ ഓഗസ്റ്റ് 20 - ലോകകൊതുക് ദിനം, ബോധവൽക്കരണം, ഒക്ടോബർ 16 - ഭക്ഷ്യദിനം, ഡോക്യുമെന്ററി പ്രദർശനം ഡിസംബർ - 5 അന്താരാഷ്ട്ര മണ്ണ് ദിനം, പോസ്റ്റർ മേക്കിങ് എന്നിങ്ങനെ നടത്തുന്നു. മേളയോടനുബന്ധിച്ച് സയൻസ് മാഗസിൻ തയ്യാറാക്കുന്നു. സംസ്ഥാനതലം വരെ പോയി ഒന്നാംസ്ഥാനം വരെ കരസ്ഥമാക്കിയ ചരിത്രമുണ്ട്.

തുടർ വർഷങ്ങളിലും ഒന്നാം സ്ഥാനം നിലനിർത്താനുള്ള ശ്രമങ്ങൾ തുടരുന്നു. ചിത്രം - ഒന്ന് കാർഷികമിത്രത്തോടനുബന്ധിച്ച് കാർഷികപതിപ്പ് തയ്യാറാക്കുന്നത്.

ഡ്രോയിങ്

കുട്ടികളിലെ സർഗവാസനകളെ ഉണർത്താനും കലാഭിരുചികളെ പരിപോഷിപ്പിക്കുന്നതിനും കലാപരമായ മേഖലകളിലുള്ള സംശയനിവാരണത്തിനും കലാപരമായ രചനകളുടെ സംരക്ഷണത്തിനും പ്രാധാന്യം കൊടുക്കുന്നു. ഇവയിലൂടെ സ്വഭാവരൂപീകരണവും ഏകാഗ്രതയും സർഗശേഷിവികാസവും ലക്ഷ്യമാക്കുന്നു. പ്രകൃതിസ്നേഹ, പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, സഹജീവിസ്നേഹം തുടങ്ങിയവ ഉണ്ടാക്കുന്നു.

ആർട്ട് ലാബിന്റെ നിർമ്മാണവും വിപുലീകരണവും, ഫൈൻ ആർട്സ് ക്ലബ്ബിന്റെ രൂപീകരണം, പ്രവർത്തനങ്ങൾ

പ്രദർശനപാനലുകളുടെ നിർമ്മാണം, ആർട്ട് ലാബിലെ പ്രദർശനം, ആർട്ട് ലാബിൽ ശിൽപനിർമ്മാണത്തിനാവശ്യമായ കോർണർ സജ്ജീകരണം, ഐ. റ്റി. അധിഷ്ഠിതമായ കലാപഠനപ്രവർത്തനങ്ങൾ, ഡിജിറ്റൽ പെയിന്റിങ്, ആനിമേഷൻ, ചിത്ര-ശിൽപകലകളുമായി ബന്ധപ്പെട്ട ഐ.റ്റി പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ, റഫറൻസ്, ആർട്ട് ലൈബ്രറി, പുസ്തകങ്ങൾ, കലാചരിത്രം, സൗന്ദര്യശാസ്ത്രം, കലാനിരൂപണം, പ്രശസ്ത കലാകാരന്മാരുടെ ചരിത്രം, കലയുടെ സാങ്കേതിക പാഠങ്ങൾ, കലാശേഖരണക്കിറ്റുകൾ, ആർട്ട് ജേണലുകൾ, ശേഖരണ-പുസ്തക രൂപത്തിലും ഡിജിറ്റൽ രൂപത്തിലും – എന്നിവ ലക്ഷ്യമിടുന്നു.

കലാസ്വാദനവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ കലാസാക്ഷരത, എല്ലാകുട്ടികൾക്കും കലകൾ ആസ്വദിക്കാനും കലാരൂപങ്ങൾ തിരിച്ചറിയാനും ഇഷ്ടപ്പെടാനും സംരക്ഷിക്കാനുമുള്ള ശേഷി നേടുക, ജ്ഞാനനിർമ്മിതിയിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പഠനത്തിന് പ്രാധാന്യം കൊടുക്കുക മുതലായവ ഉദ്ദേശിക്കുന്നു

കലാസ്വാദനത്തിനുള്ള പ്രവർത്തനങ്ങളായി ആർട്ട് ലാബിൽ മഹാന്മാരായ ലോക പ്രശസ്തകലാകാരന്മാരുടെ കലാസൃഷ്ടികളുടെ പ്രദർശനങ്ങൾ [ലേസർ പ്രിന്റുകൾ ഇതിനായി ഉപയോഗിക്കാം] . അവരുടെ രചനകളെക്കുറിച്ചുള്ള വിശദീകരണം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കലാ പ്രകടനങ്ങളുടെ വീഡിയോ പ്രദർശനങ്ങൾ, പ്രശസ്ത കലാകാരന്മാരുടെ രചനകളുടെ ഡെമൺസ്ട്രേഷനുകൾ, വിവിധതരം മീഡിയങ്ങളുടെ ഡെമൺസ്ട്രേഷനുകൾ [എണ്ണച്ചായം, ജലച്ചായം, പെൻസിൽ, പെൻ, ഇൻസ്റ്റലേഷൻ

തുടങ്ങിയവ) ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ചിത്രപ്രദർശനങ്ങൾ, ഇതരകലകളുടെ പ്രദർശനങ്ങൾ എന്നിവയെല്ലാം വരുന്നു.

പങ്കാളികൾ

HM, അധ്യാപകർ, SRG, PTA

സാമ്പത്തിക വിശകലനം

- ആർട് ലാബ് നിർമ്മാണച്ചെലവ്
- സാധന സാമഗ്രികളുടെ ചെലവ്
- പുസ്തകങ്ങൾ, സിഡികൾ തുടങ്ങിയവയുടെ ചെലവ്

സർക്കാർ ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് അഭ്യുദയകാംക്ഷികളിൽ നിന്നുള്ള സംഭാവനകൾ സ്വീകരിച്ചും പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഉദ്ദേശിക്കുന്നു.

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

യു.പി. തലം മുതൽ എംബ്രോയിഡറി, ബോട്ടിൽ ക്രാഫ്റ്റ്, ഫാബ്രിക് പെയിന്റിങ്

വെജിറ്റബിൾ പെയിന്റിംഗ് എന്നിവ
പരിശീലിപ്പിക്കുന്നു. BRCയിൽ നിന്നും
സൗമ്യ എ എന്ന അധ്യാപിക
നേതൃത്വം നൽകുന്നു. കൃഷി, ഭക്ഷ്യ
വ്യവസായം, പാർപ്പിടം, വസ്ത്രകല, മത്സ്യ
ബന്ധം വിനോദവും, കരകൗശലം,
വിനോദസഞ്ചാരവും ആതിഥേയത്വവും,
പാഴ്വസ്തു പരിശീലനം, പ്രിന്റിങ് &
സ്റ്റേഷനറി, ഇലക്ട്രിക്കൽ & ഇലക്ട്രോ
ണിക്സ്, പ്ലംബിംഗ്, ധനകാര്യം എന്നി
വയിലെല്ലാം അവബോധം വളർത്താൻ
ശ്രമിക്കുന്നു.

വ്യക്തിയുടെ സമഗ്രവികാസം
ലക്ഷ്യമിട്ട് മികച്ച വ്യക്തിത്വങ്ങളായി
വളരാൻ സഹായിക്കുന്ന വിധത്തിൽ
സ്വയം അവബോധം, പ്രതിരോധവും
മുന്നേറ്റവും, സ്വയം പരിപാലനം,
വൈകാരിക സുസ്ഥിതി, പാരിസ്ഥിതിക
സുസ്ഥിതി എന്നിവയിലെല്ലാം പരി
ജ്ഞാനം വർധിപ്പിക്കുന്നു.

## കൗൺസെലിംഗ്

വനിതാശിശുവികസനവകുപ്പ് ചുമതലപ്പെടുത്തിയ സൈക്കോസോഷ്യൽ കൗൺസലർ സുജന. എ സേവനം അനുഷ്ഠിച്ചുവരുന്നു. ജൂൺമാസം മുതൽ ഇൻഡിവിജ്വൽ കൗൺസെലിംഗ്, ബോധവൽക്കരണക്ലാസ്സുകൾ, ഗ്രൂപ്പ് കൗൺസെലിംഗ് എന്നിവ നൽകിവരുന്നു.

ആവശ്യമായ റെഫറൽ സർവ്വീസുകൾ ലഭ്യമാക്കുന്നുണ്ട്. രക്ഷിതാക്കൾക്കും മാതാപിതാക്കൾക്കുമുള്ള രക്ഷാകർതൃത്വബോധവും ആത്മബലവും നൽകുന്നു.

അവശ്യസന്ദർഭങ്ങളിൽ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി സാന്ത്വനവും പരിരക്ഷയും നൽകുന്നു. അദ്ധ്യാപകർക്കും വ്യക്തിഗതകൗൺസെലിംഗ് നൽകി ശാക്തീകരിക്കാൻ ശ്രമിക്കുന്നു.

POCSO സംബന്ധമായ awareness ക്ലാസ്സുകൾ, ബാലവേല വിരുദ്ധദിന ക്ലാസ്സുകൾ, ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ്സുകൾ, കൗമാര പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചുള്ള ക്ലാസ്, പോഷൺ മാ കുട്ടികളിലെ വിളർച്ചയുമായി ബന്ധപ്പെട്ട് യു.പി. വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സ്, സൈബർ സേഫ്റ്റിയുമായി ബന്ധപ്പെട്ട് SPC വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സ്, സെപ്റ്റംബർ 10 ലോക ആത്മഹത്യാവിരുദ്ധദിനവുമായി ബന്ധപ്പെട്ട് ക്ലാസ്സ് തല ബോധവൽക്കരണം എന്നിവ നടത്തുന്നു. ടേമിന് എക്സാമിനുശേഷമുള്ള എല്ലാ പിടിഎ മീറ്റിങ്ങുകളിലും രക്ഷിതാക്കൾക്ക് നിർദേശങ്ങൾ കൈമാറുന്നുണ്ട്. വേർച്വൽ റിയാലിറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്താനുദ്ദേശിക്കുന്നു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം, ആർത്തവശുചിത്വം, ശൈശവവിവാഹത്തിന്റെ ദൂഷ്യങ്ങൾ, പോസിറ്റീവ് പേരന്റിങ് മുതലായവയുമായി 'Slideshow ഉപയോഗിക്കുന്നു.

നിസ്സാരമായ വിഷയങ്ങളിലും ആകസ്മിക അനുഭവങ്ങളിലും കൈത്താങ്ങാകാൻ കൗൺസലർ ശ്രമിക്കുന്നു. കുട്ടികളിലെ പഠനവൈകല്യങ്ങൾക്ക് കാരണമാകുന്ന മാനസികപ്രശ്നങ്ങളെ ഒരളവുവരെ നിയന്ത്രിക്കാൻ ഇത്തരം ക്ലാസ്സുകൾക്ക് സാധിക്കുന്നു. കൗൺസലറുടെ നിർദ്ദേശപ്രകാരം മനോരോഗവിദഗ്ദരുടെ ക്ലാസ്സുകളും ലഭ്യമാകുന്നുണ്ട്. സർക്കാരിൽ നിന്നോ രക്ഷിതാക്കളിൽനിന്നോ മറ്റ് അഭ്യുദയകാംക്ഷികളിൽ നിന്നോ ലഭ്യമാകുന്ന പണമുപയോഗിച്ച് പ്രവർത്തനങ്ങൾക്കുള്ള ഇടം കണ്ടെത്താൻ ശ്രമിക്കുന്നു.

<u>സംഗീതം</u>

BRCയിൽ നിന്നും നിയമിതയായിട്ടുള്ള ബിന്ദു. കെ.വി എന്ന സംഗീത അധ്യാപിക കുട്ടികളിൽ സംഗീതത്തിന്റെ ഔഷധഗുണങ്ങൾ എത്തിക്കാൻ ശ്രമിക്കുന്നു. എന്നും രാവിലെയുള്ള പ്രാർത്ഥനാഗാനവും ദിവസാവസാനം ചൊല്ലുന്ന

ദേശീയഗാനവും ഉൾപ്പെടുത്താൻ ഇടവന്നത്
കലോത്സവങ്ങളിൽ പങ്കെടുക്കാൻ പ്രതിഭ
യുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക
പരിശീലനം നൽകുന്നത് പിന്നാക്ക
മേഖലകളിൽനിന്നും വരുന്ന സാമ്പത്തിക
പരാധീനത അനുഭവിക്കുന്ന വിദ്യാർത്ഥി
കൾക്ക് അവസരം നൽകാൻ സഹായിക്കു
ന്നത്. നാടൻപാട്ട്, മാപ്പിളപ്പാട്ട്,
ദേശഭക്തിഗാനം [ദേശീയ ദിനാചരണ
ങ്ങളിൽ], ഉത്സവഗാനങ്ങൾ [ഓണം,
ക്രിസ്മസ്, ബക്രീദ്] കവിതാലാപനം, സംഘ
ഗാനം - ഇവയിൽ പരിശീലനം കൊടുക്കു
ന്നു. ആഴ്ചയിൽ ഒരുദിവസം [വ്യാഴം]
ആണ് മ്യൂസിക് അധ്യാപികയുടെ സേവനം
വിദ്യാലയത്തിന് ലഭിക്കുന്നത്. അതേപോലെ
അവർക്കും പരിപാടികൾക്കുമുള്ള ചെലവ്
കണ്ടെത്തുന്നത് രക്ഷിതാക്കളിൽ നിന്നും
അധ്യാപകരിൽ നിന്നും പൂർവ്വ അധ്യാപ
കർ പോലുള്ള മറ്റ് അഭ്യുദയകാംക്ഷി
കളിൽ നിന്നുമെല്ലാമാണ്. ശാസ്ത്രീയസംഗീതം

അദ്ധ്യാപികമാരുടെ വിദ്യാർത്ഥികളിലൂടെന്ന് സ്ഥാപനത്തിന്റെ ഗുണതയായി മാറുന്ന 5,6,7 ഡിവിഷനുകളിൽ ആഴ്ചയിൽ ഒരു ദിവസം തിയറി ക്ലാസ് നൽകുന്നുണ്ട്. പുതിയ textbook അനുസരിച്ച് പ്രവർത്തിക്കുന്നു. സമയപരിമിതി അദ്ധ്യാപികയ്ക്ക് വെല്ലുവിളിതന്നെയാണ്.

## സ്പോർട്സ്

2025-26 വർഷത്തെ കായിക പ്രവർത്തനങ്ങൾ: ഏപ്രിൽ മാസംമുതൽ സമ്മർക്യാമ്പ് എന്ന നിലയിൽ കായിക പരിശീലനം നടത്തുന്നു. ജൂൺമാസം മുതൽ ദിനാചരണങ്ങൾ നടത്തി കായിക പരിശീലനങ്ങൾ തുടരുന്നു. സബ്ജില്ല, ജില്ല, സംസ്ഥാന, ദേശീയ മത്സരങ്ങൾക്ക് തയ്യാറാക്കുന്നു. ഒളിമ്പിക്സിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നു.

ഓഗസ്റ്റ് മാസത്തോടുകൂടി കുട്ടികളെ ഫുട്ബോൾ, ബോൾബാഡ്മിന്റൺ, തൈക്വാണ്ടോ, കരാട്ടെ എന്നി ഇനങ്ങളിൽ രാവിലെയും വൈകുന്നേരവും സ്കൂൾസമയത്തിന് മുൻപും ശേഷവും പരിശീലനം കൊടുക്കുന്നു. സബ്ജില്ലാ, ജില്ലാ അസോസിയേഷൻ മത്സരങ്ങൾ എന്നിവ സ്കൂളിൽ സംഘടിപ്പിക്കുന്നു. സബ്ജില്ലാ, ജില്ലാ ക്യാമ്പുകളും നടത്തി കുട്ടികളെ മികച്ച താരങ്ങളാക്കി മാറ്റുന്നു. ഇതോടൊപ്പം പഠന പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കൊണ്ടുപോകുന്നു. സംസ്ഥാന, ദേശീയ മത്സര വിജയികളെയും പരിശീലകരെയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ജനുവരി മാസം മുതൽ അടുത്ത അധ്യയന വർഷത്തെ കായികതാരങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി ക്യാമ്പുകളും പരിശീലനങ്ങളും സംഘടിപ്പിച്ചു

കൊണ്ട് ഫെബ്രുവരിയോടുകൂടി കായിക
പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നു.
ഇത്തരം പ്രവർത്തനങ്ങൾക്ക് പി.ടി.എ
യുടെയും സ്റ്റാഫിന്റെയും നാട്ടുകാരുടെയും
കായികതാരങ്ങളുടെയും രക്ഷിതാക്കളുടെയും
സഹകരണം പൂർണമായി ലഭിക്കുന്നു.
സർക്കാറിൽ നിന്ന് ലഭ്യമായ ഫണ്ടുകളും
രക്ഷിതാക്കൾക്ക് പ്രദാനം ചെയ്യാൻപറ്റുന്ന
സംഭാവനകളും പി.ടി.എ വികസനസമിതി
ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നുണ്ട്.
ശരീരാധ്യാപകനെ കൂടാതെ BRCയിൽ
നിന്നും പ്രസാദ് എന്ന അധ്യാപകൻ
ജോലി ചെയ്യുന്നുണ്ട്.

## സ്പെഷ്യൽ എഡ്യുക്കേഷൻ

BRCയിൽ നിന്ന് സ്പെഷ്യൽ
എഡ്യുക്കേറ്ററായി അനുജ്യോൻ
ജോലി ചെയ്യുന്നു. സ്കൂൾ സർവ്വേ നടത്തി

വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ബെഡ്റിഡൻ കുട്ടികൾക്ക് ഇതര ങ്ങൾക്കുള്ള ശ്രമങ്ങളും സഹായങ്ങ ളും ചെയ്തുകൊടുക്കാറുണ്ട്. അല്ലാത്ത വർക്ക് വിദ്യാലയത്തിൽ നിന്ന് ട്രെയിനിങ് നൽകുന്നു. എഴുതാനും വായിക്കാനും basic level അനുസരിച്ച് നിർദ്ദേശ ങ്ങൾ നൽകുന്നു. കണ്ണടകൾ, കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലഭ്യമാക്കു ന്നതിന് BRC തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് അവസരമുണ്ടാ കുമ്പോൾ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ കൈപ്പറ്റുന്നു. ഇപ്പോ ഇൻക്ലൂസിവ് സ്പോർട്സിൽ കഴിഞ്ഞ വർഷം 3 പേരെ പങ്കെടുപ്പിച്ചു ഒരാൾക്ക് സെലക്ഷൻ നേടിക്കൊടുക്കാനായി സാ ധിച്ചു [ബാഡ്മിന്റണിൽ ഒരു ആൺ കുട്ടി 9A]. കൂടുതൽ പരിശീലനത്തി നും, ജില്ലയിൽ പങ്കെടുപ്പിക്കുന്നതി

ഇതുവഴി അലന്നൂർ BRC യിൽ ഈ കുട്ടിയെ എത്തിക്കാനുണ്ടായിരുന്നു. പുതിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്, പരിശോധനയ്ക്കായി താലൂക്കാശുപത്രികളിലേയും ജില്ലാശുപത്രികളിലേയും വിടുന്നത്. പത്താം ക്ലാസ്, പ്ലസ് വൺ, പ്ലസ് ടു പൊതുപരീക്ഷകളിൽ ലേണിംഗ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ക്രൈബിന്റെ സേവനം ഉപയോഗപ്പെടുത്തി റിസൾട്ട് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ എപ്പോഴുമുണ്ടാകുന്നു. വിവിധ അലവൻസുകൾ TAEA, Girls Stipend Allowance എന്നിവ BRC തലത്തിൽ നിന്നും ലഭ്യമാക്കുന്നു. പഠനാവശ്യത്തിനുള്ള സാമ്പത്തികസഹായങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കി മാറ്റുന്ന CRCC സേവനം

---

BRC യിൽ നിന്ന് CRCC സേവനം തരുന്നത് Shabina. J

- Merry Life
- YIP ശാസ്ത്രപഥം
- Helping Hands
- NAS
- SAS
- STREAM
- School Innovation Marathon [SIM]
- VEERGADHA
- Skill Development Centre
- Tinkering Lab
- Scaffold
- Life24
- U DISE +
- NIPUN BHARAT

- ACADEMIC SURPORTS
- CLUSTER SUPPORT
  [Funding, Distributions, Management, Co-ordination]
- Little Experts
- I Lab

പ്രീ-പ്രൈമറി

പ്രീ-പ്രൈമറിയിൽ 6 boys-ഉം 8 girls-ഉം ചേർന്ന് 14 പേർ ഉണ്ട്. ഈ അദ്ധ്യയനവർഷം TV, TAB, Speaker, Mike, Recorder എന്നീ electronic devices സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

# അധികചാർജ്ജുകൾ

1. SRG : LP - BINDU T
   UP - KRISHNABINDU P
   HS - BINDU N

2. SENIOR ASSISTANT - SIJO P AUGUSTIN

3. UP - IN - CHARGE - SINDHU C

4. LP - IN - CHARGE - BINDU K

5. DISCIPLINE - KRISHNADAS K

6. TIMETABLE COMMITTEE -
   LP - BINDU K
   UP - MAHESH A
   ZEENATH P A
   HS - Dr. GAYATHREE K P
   SUJA N R

7 NOON MEAL - SABIRA VK

8. BUS CHARGE - MAHESH A

9. EXAM COMMITTEE

LP - SATHI KT

UP - LAKJAMOL V M

SAJITHA K

HS - GIMIYA GEORGE

UMMUSELMA A K

10. SITC

UP - GAYATHRI R

HS - LEEJA K.G

11 SRADDHA

DIVYA MATHEW

12 TINKERING

UP - SANTHOSH T R

HS - REMYA R

13 VIJAYASREE - SREEDEVI KS

14 SCHOLARSHIP CO-ORDINATOR - LEEJA K G

NMMS - VINITHA T

USS - SINDHU M

LSS - BINDU T

15 LIBRARY

LP - SATHI KT

HS - GINITHA R

16 VIDYARANGAM

UP RESMIDEVI KP

HS Dr. GAYATHREE KP

17 KALOLSAVAM

LP BINDU K

UP SRUTHY R

HS PRASADKUMAR K S

18 TOUR CONVENER

SIJO P AUGUSTIN

19. SASTHRAMELA - HS SUJA N R
UP FATHIMA RAFEEDA FA
20. STAFF SECRETARY - SUSHMITHA B
21. YIP - YASMIN EDAKADAMBAN
22. IED - SHAJITHA K
23. ELECTION - YASMIN EDAKADAMBAN
24. ADOLESCENCE CLUB - MANJU V.R
25. HEALTH CLUB - HRIDYA MS
26. ECO CLUB - LEEJA K G
27. SCIENCE CLUB - UP SHEEJA N K
HS SUJA N R
28. SPC & LAHARI - JAYANTHI S
DARSEENA R
29. SOCIETY UP PRAKASH S
HS RENJU R B

ഈ വർഷത്തെ സമഗ്രഗുണമേന്മാ
വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന
പട്ടിക.

3/6/25

ലഹരി വിരുദ്ധക്ലാസ്
by
സൈക്കോ സോഷ്യൽ കൗൺസലർ
സുമന എ

4/6/25

ട്രാഫിക് നിയമം
by
Sajitha k
Prakash S

5/6/25

വ്യക്തി, പരിസരശുചിത്വം
by
ക്ലാസ് ടീച്ചേഴ്സ്

9/6/25

കായികം, ആരോഗ്യം

by

കൃഷ്ണദാസൻ കെ

പ്രസാദ്കുമാർ കെ. എസ്

10/6/25

ഡിജിറ്റൽ അച്ചടക്കം

by

സന്തോഷ് ടി പി

11/6/25

പൊതുമുതൽ സംരക്ഷണം

by

ക്ലാസ് ടീച്ചേഴ്സ്

12/6/25

പരസ്പര സഹകരണം

by

Sunena A

13/6/25

പൊതു ക്രോഡീകരണം

by

ക്ലാസ് ടീച്ചേഴ്സ്

## ഉപസംഹാരം

ഒരു മാസ്റ്റർ പ്ലാനിന്റെ കൃത്യത വിഭലയെഴുന്നിച്ചേരാൻ സാധിച്ചിട്ടില്ല. ഏറെ പിന്നാക്കമേഖലയായതുകൊണ്ട് സാമ്പത്തികമുറവിടങ്ങൾ കണ്ടെത്തുന്നതിന് പരിമിതികൾ ഏറെയാണ്. എങ്കിലും സർക്കാരിൽ നിന്നാണെങ്കിലും മറ്റുള്ള ഗുണകാംക്ഷികളിൽ നിന്നാണെങ്കിലും ലഭ്യമാകുന്ന തുകകളും മറ്റ് സംഭാവനകളും ഉപയോഗപ്പെടുത്തി, പരമാവധി മുന്നോട്ട് പോകാൻ PTA ശ്രമിക്കുന്നുണ്ട്. തുടർ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അമൂല്യങ്ങളാണെന്ന് മനസ്സിലാക്കി, അവയ്ക്ക് കാതോർത്തുകൊണ്ട് ജി. എച്ച്. എസ്. എസ് എരിമയൂരിന്റെ 2025-26 അധ്യയനവർഷത്തെ കരട് മാസ്റ്റർ പ്ലാൻ മേലുദ്യോഗസ്ഥർക്കുമുമ്പിൽ സവിനയം സമർപ്പിക്കുന്നു.

നന്ദി.....

## പ്രീ-ടെസ്റ്റുകൾ

പ്രീ-ടെസ്റ്റുകൾ നടത്തി കുട്ടികളുടെ നിലനിർണ്ണയം കഴിഞ്ഞതിനുശേഷം എല്ലാ ക്ലാസ്സുകളുടെയും ക്ലാസ്സ് PTA കൾ വിളിച്ച് രക്ഷിതാക്കളെ ബോധിപ്പിക്കാറുണ്ട്. അച്ചടക്കലംഘനം നടത്തുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ ഉടനെ വിളിച്ചുവരുത്തി വസ്തുതകൾ ധരിപ്പിച്ച് ഏവരുടെയും ചേർന്ന പിന്തുണ ഉറപ്പു വരുത്താൻ ശ്രമിക്കാറുണ്ട്. സഹകരിക്കാൻ വിസമ്മതിക്കുന്ന രക്ഷിതാക്കളുടെ ഗൃഹസന്ദർശനം നടത്തി കൗൺസെലിങ് നൽകാൻ ശ്രമിക്കുന്നു.

## പഠനപിന്തുണാ പ്രവർത്തനങ്ങൾ

2024 - 25 അധ്യയനവർഷത്തെ 8 - 10 ക്ലാസ്സിൽ പരാജയപ്പെട്ട കുട്ടികൾക്കുള്ള പഠനപിന്തുണയാണ് April മാസം നൽകിയത്. വീണ്ടും പരീക്ഷ നടത്തിയപ്പോൾ ഭൂരിഭാഗം പേരും 30% മാർക്ക് നേടി പ്രമോഷനർഹരായി. കുറച്ചുപേർ ഇംഗ്ലീഷിൽ വീണ്ടും പരാജയപ്പെട്ടിട്ടുണ്ട്. അവർക്കുള്ള bridge course 9-10 ക്ലാസ്സിൽ നടത്തിവരുന്നു. തോറ്റവരിൽ ഭൂരിഭാഗവും ബ്രോക്കൺ ഫാമിലികളിൽ നിന്നുള്ളവരാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർക്കായി പ്രത്യേക കൗൺസലിംഗ് സംവിധാനം ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഈ വർഷം 2 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ പഠനപിന്തുണാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചിരിക്കുന്നു.